समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कोच्ची-682036, भारत

**The Marine Products Export Development Authority**

(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901 2311854, 2311803 2313415, 2314468 2315065

फैक्स Fax : 91-484-2313361

E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 14.05.2021

## എംപിഇഡിഎയുടെ ഞണ്ട് ഹാച്ചറി സാങ്കേതികവിദ്യയ്ക്ക് 20 വർഷത്തെ പേറ്റന്റ്

കൊച്ചി: രാജ്യത്തെ മത്സ്യകൃഷിയിൽ നാഴികക്കല്ലായി സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ ഞണ്ട് (മഡ് ക്രാബ്)ഹാച്ചറി സാങ്കേതികവിദ്യയ്ക്ക് 20 വർഷത്തേക്കുള്ള പേറ്റന്റ് ലഭിച്ചു. എംപിഇഡിഎയുടെ ഗവേഷണ വിഭാഗമായ രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചറാണ് ഈ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്.

കേന്ദ്രസർക്കാരിന്റെ ഡിസൈൻ ആൻഡ് ട്രേഡ്മാർക്സ് കൺട്രോളർ ജനറലാണ് പേറ്റന്റ് നൽകിയിരിക്കുന്നത്. 2011 മുതൽ 2030 വരെയാണ് പേറ്റന്റ് കാലാവധി.

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ ഏറെ ഡിമാന്റുള്ളതാണ് ഈ ഞണ്ടിനം. ഈ ഞണ്ടുകളെ ജീവനോടെയാണ് അവർ ഇഷ്ടപ്പെടുന്നത്.

രാജ്യത്തെ മത്സ്യകൃഷിയിൽ നാഴികക്കല്ലാണ് ഈ നേട്ടമെന്ന് എംപിഇഡിഎ ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ് പറഞ്ഞു. ഇതാദ്യമായാണ് ഈ സാങ്കേതികവിദ്യയ്ക്ക് തദ്ദേശീയമായി പേറ്റന്റ് അനുവദിക്കുന്നത്. ചെമ്മീൻ കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന കർഷകർക്ക് കൂടുതൽ വൈവിദ്ധ്യത്തോടെയുള്ള മറ്റ് മത്സ്യയിനങ്ങൾ കൃഷി ചെയ്യുന്നതിനുള്ള അവസരം ഇതോടെ കൈവന്നിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ മത്സ്യകർഷകർക്കും ഈ സാങ്കേതികവിദ്യ വികസിപ്പിക്കാൻ അഹോരാത്രം പരിശ്രമിച്ച ആർജിസിഎയിലെ യുവ ശാസ്ത്രജ്ഞർക്കും ഈ നേട്ടം സമർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഈ ഞണ്ടിനത്തിനായി ഇന്ന് വേറൊരു ഹാച്ചറിയും രാജ്യത്തില്ല. 2011 മുതൽ ഈ സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് ലഭിക്കുന്നതിന ഡിസൈൻ ആൻഡ് ട്രേഡ്മാർക്സ് കൺട്രോളർ ജനറൽ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു.

അതിസങ്കീർണമായ പ്രക്രിയയിലൂടെ കടന്നു പോയാണ് ഈ പേറ്റന്റ് ആർജിസിഎയ്ക്ക് ലഭിച്ചത്. ഇതിന്റെ സ്ഥിതിവിവരക്കണക്കുകളും മറ്റ് വിശദാംശങ്ങളും ലോകത്തെ തന്നെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര വിദഗ്ധർ എന്നിവർ വിലയിരുത്തി. സൂക്ഷ്മ വിശകലനത്തിന ശേഷമാണ് 2011 മുതൽ 2030 വരെയുള്ള പേറ്റന്റ് അനുവദിക്കാൻ തീരുമാനമായത്.

ദക്ഷിണ പൂർവേഷ്യയിലെ വൻഡിമാൻഡ് മുന്നിൽ കണ്ടു കൊണ്ടാണ് 2004 ൽ എംപിഇഡിഎ ചെളിഞണ്ടിനായി ഹാച്ചറി തുടങ്ങാൻ തീരുമാനിച്ചത്. വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്യ ഹാച്ചറി 2013 ൽ ആരംഭിച്ചു. വർഷത്തിൽ 10 ലക്ഷം കുഞ്ഞുങ്ങളെ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ആവശ്യക്കാർ വർധിച്ചതോടെ ഉത്പാദനം 14 ലക്ഷമാക്കി വർധിപ്പിച്ചു.

ഫിലിപ്പൈൻസിലെ സൗത്ത് ഈസ്റ്റ് ഏഷ്യൻ ഫിഷറീസ് ഡെവലപ്മന്റ് സെന്ററിലെ വിഖ്യാത ശാസ്ത്രജ്ഞയായ ഡോ. എമില ടി ക്വിനിറ്റിയോ 2013 വരെ ഈ പദ്ധതിക്ക് കൺസൽട്ടൻസി നൽകിയിരുന്നു. അതിനു ശേഷം സ്വന്തം സാങ്കേതിക വിദ്യ ചുരുങ്ങിയ കാലം കൊണ്ടാണ് നമ്മുടെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തത്.

ഞണ്ട് കുഞ്ഞുങ്ങളുടെ അതിജീവന നിരക്ക് നിലവിലുള്ള മൂന്ന് ശതമാനത്തിൽ നിന്ന് ലോക റെക്കോർഡായ 7 ശതമാനത്തിലേക്കെത്തിച്ചത് പ്രധാന നേട്ടമാണ്. ഇതു കൂടാതെ ജൈവ സുരക്ഷിതത്വത്തിനായി ഹാച്ചറിയുടെ എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ ഒരുക്കിയിരിക്കുന്നു. നാളിതുവരെ രാജ്യത്തെ 659 കർഷകർക്കായി 72,80,000 കുഞ്ഞുങ്ങളെയാണ് നൽകിയിരിക്കുന്നത്.

ആഗോളാടിസ്ഥാനത്തിൽ ആവശ്യക്കാരുള്ള വൈവിദ്ധ്യമാർന്ന മത്സ്യയിനങ്ങളായ കാളാഞ്ചി, ഞണ്ട്, മോദ, ഗിഫ്റ്റ തിലാപിയ, ആവോലി, ജൈവ തീറ്റയായ ആർട്ടീമിയ എന്നിവയുടെ

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत
The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन / Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स / Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

വാണിജ്യോത്പാദനത്തിനായാണ് ആർജിസിഎയ്ക്ക് രൂപം നൽകിയത്. രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടൊപ്പം മികച്ചയിനം മത്സ്യക്കുഞ്ഞുങ്ങളെ വികസിപ്പിച്ചെടുക്കുകയും ആർജിസിഎ ചെയ്യുന്നു.

കേന്ദ്ര വാണിജ്യ മന്ത്രാലയം, ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് എന്നിവ എംപിഇഡിഎ-ആർജിസിഎയ്ക്ക് നൽകി വരുന്ന പിന്തുണയ്ക്ക് പ്രത്യേകം നന്ദി ചെയർമാൻ അറിയിച്ചു.